**(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)**

<u>നം.കെ.എസ്.എ-ഐ.ഡി.കെ-9/833/2019</u>

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം

തൊടുപുഴ – 685 584

ഫോൺ : 04862-227332

***ഇ-മെയിൽ : <u>doidk.ksad@kerala.gov.in</u>***
തീയതി. 14.10.2019

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**<u>പ്രസിഡന്റ്</u>**

കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ

**വിഷയം :- കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്**

************************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **കാഞ്ചിയാർ** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ **ഭാഗം** 1ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23. 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

**<u>പകർപ്പ് :</u>**

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് , തിരുവനന്തപുരം(ഇ-മെയിൽ മുഖാന്തിരം).

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി-തൊടുപുഴ.

3)കാര്യാലയ പകർപ്പ്.

**നം.കെ.എസ്.എ-ഐ.ഡി.കെ-9/833/2019** **തീയതി : 14.10.2019**

# ഇടുക്കിജില്ലയിലെ കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4) , 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

******************************

ഇടുക്കി ജില്ലയിലെ **കാഞ്ചിയാർ** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് **04.07.2018** മുതൽ **18.08.2019** തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. **10** അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ **5** എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| **ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ** | ശ്രീമതി. ബേബി സന്യജ, ഡെപ്യൂട്ടി ഡയറക്ടർ |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 19.08.2019 മുതൽ 26.08.2019 വരെ |

| | | |
|---|---|---|
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ** | ശ്രീ. എം. ടി. സോമൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എം. എസ്. രാജീവ് | അസി.ഓഡിറ്റ് ഓഫീസർ. |
| | ശ്രീ. മുഹ്സിൻ ഫൈസൽ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. അനിറ്റ പി. സാമുവൽ | സീനി. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ആർ. സാമുവൽ രാജ് | സീനി. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. എബി എബ്രഹാം | സീനി. ഗ്രേഡ് ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| **പ്രസിഡന്റ്** | ശ്രീ. മാത്യു ജോർജ് | 01.04.2018 മുതൽ 31.03.2019 വരെ |
| **സെക്രട്ടറി** | ശ്രീമതി. പി. റ്റി. ഷൈലജ | 01.04.2018 മുതൽ 25.03.2019 വരെ |
| | ശ്രീമതി. റോസമ്മ കെ. ജെ.<br>**(അസി. സെക്രട്ടറി-അധികച്ചുമതല)** | 26.03.2019 മുതൽ 31.03.2019 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| **അസിസ്റ്റന്റ് സെക്രട്ടറി** | ശ്രീമതി. റോസമ്മ കെ. ജെ. | 01.04.2018 മുതൽ 31.03.2019 വരെ |
| **അസിസ്റ്റന്റ് എഞ്ചിനീയർ** | ശ്രീമതി. ശ്രീന എസ്. | 01.04.2018 മുതൽ 19.06.2018 വരെ |
| | ശ്രീമതി. രാജിമോൾ രാജു | 20.06.2018 മുതൽ 31.03.2019 വരെ |
| | | |

| | | |
|---|---|---|
| **മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.)** | ഡോ. രാജേഷ് ബി. നായർ | 01.04.2018 മുതൽ 02.07.2018 വരെ |
| | ഡോ. ശ്യാം കൃഷ്ണൻ | 03.07.2018 മുതൽ 12.10.2018 വരെ |
| | ഡോ. എവിൻ എബ്രഹാം | 13.10.2018 മുതൽ 31.03.2019 വരെ |
| **കൃഷി ഓഫീസർ** | ശ്രീമതി. ടിന്റുമോൾ ജോസഫ് | 01.04.2018 മുതൽ 31.03.2019 വരെ |
| **വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ** | ശ്രീ. സുമേഷ് സോമൻ | 01.04.2018 മുതൽ 31.03.2019 വരെ |
| **ഐ.സി.ഡി.എസ്. സൂപ്പർവൈസർ** | ശ്രീമതി. കൊച്ചുറാണി സി. വി. | 01.04.2018 മുതൽ 31.03.2019വരെ |
| **വെറ്ററിനറി സർജൻ** | ഡോ. പി. അരുൺ പ്രസാദ് | 01.04.2018 മുതൽ 25.01.2019 വരെ |
| | ഡോ. സ്മിത ആർ. പിള്ള | 26.01.2019 മുതൽ 22.03.2019 വരെ |
| | ഡോ. രഘുനാഥ് | 23.03.2019 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ(ആയുർവേദം)** | ഡോ. ജിനേഷ് ജെ. മേനോൻ | 01.04.2018 മുതൽ05.09.2018 വരെ |
| | ഡോ അസിത | 06.09.2018 മുതൽ 12.10.2018 വരെ |
| | ഡോ. ഡോണ അബ്രഹാം | 13.10.2018 മുതൽ 31.03.2019 വരെ |
| **ഹെഡ് മിസ്ട്രസ്സ് ഗവ. എൽ.പി.എസ്.** | ശ്രീമതി. കാതറിൻ ജമ്മ | 01.04.2018 മുതൽ31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ(ഹോമിയോ)** | ശ്രീമതി. മണിയമ്മ എസ്. ജെ. | 01.04.2018 മുതൽ31.03.2019 വരെ |

**ഉള്ളടക്കം**

| ക്രമ നം. | ഖണ്ഡിക നം. | ഭാഗം 1 – പൊതു അവലോകനം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തരനിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷിക കണക്കുകളിലെ അപാകതകൾ |
| 12 | 1-12 | പിരിവ് തുക - യഥാസമയം ഒടുക്ക് വരുത്തിയില്ല |
| 13 | 1-13 | ലൈഫ് ഭവന പദ്ധതി |
| 14 | 1-14 | മരുന്നുകൾ ലഭ്യമായിട്ടില്ല |
| 15 | 1-15 | ഡി.& ഒ. ലൈസൻസ് - വളരെയധികം സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു |
| 16 | 1-16 | വസ്തുനികുതി പിരിവ്, ഒടുക്ക് എന്നിവയിലെ അപാകതകൾ |

| | | |
|---|---|---|
| 17 | 1-17 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനത്തിന് മുൻകൂർ നൽകിയ തുക നീക്കുപോക്ക് വരുത്തിയിട്ടില്ല |
| 18 | 1-18 | സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയത് സംബന്ധിച്ച് |
| 19 | 1-19 | പട്ടിക വർഗ്ഗ വിദ്യാർഥികൾക്ക് ലാപ് ടോപ്പ് വിതരണം-അപാകതകൾ |
| 20 | 1-20 | അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുന്നതിന് മുന്നേ കാന്റീനിലേക്ക് ഫർണിച്ചർ വാങ്ങിയത് - തടസ്സം - ₹1,99,710/- |
| 21 | 1-21 | മരാമത്ത് പ്രവൃത്തികളുടെ നിർവഹണം -അപാകതകൾ |
| 22 | 1-22 | കിടാരി വളർത്തൽ (ജനറൽ) - പദ്ധതിനടത്തിപ്പിലെ അപാകതകൾ |
| 23 | 1-23 | അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ചെലവാകാത്ത തുക അവശേഷിക്കുന്നു |
| 24 | 1-24 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി കോഴിമല സീനിയർ സിറ്റിസൺസ് ഫോറത്തിന് സൗജന്യമായി വിട്ടു നല്കാൻ കമ്മിറ്റി തീരുമാനം. |
| 25 | 1-25 | ടെണ്ടർഫീ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും വാങ്ങി പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കിയിട്ടില്ല |
| | | **ഭാഗം 2 – വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** |
| 26 | 2 | ഇല്ല |
| | | **ഭാഗം 3 – ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** |
| 27 | 3 | ഇല്ല |
| | | **ഭാഗം 4 – പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** |
| 28 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 29 | 4-2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം |

| | | |
|---|---|---|
| 30 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 31 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 32 | 4-5 | വായ് /വായ്പാതിരിച്ചടവ് |
| 33 | 4-6 | സ്ഥിര നിക്ഷേപം |
| 34 | 4-7 | ഓഡിറ്റ് റിക്കവറി |
| 35 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 36 | 4-9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം |
| 37 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 38 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ. |
| 39 | **അനുബന്ധം-1** | ഓഡിറ്റ് സർട്ടിഫിക്കറ്റ് |



## ഭാഗം -1

## പൊതു അവലോകനം

## ഓഡിറ്റ് റിപ്പോർട്ട്

1-1 ബജറ്റ്

16-03-2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 19-03-2019 തീയതിയിലെ 4(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 30-04-2019 | --- | --- |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹1,56,12,136 |
| വരവ് | ₹10,51,39,030 |
| ആകെ | ₹12,07,51,166 |
| ചെലവ് | ₹9,90,90,190 |
| നീക്കിയിരിപ്പ് | ₹2,16,60,976 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിബാക്കി ₹ |
|---|---|---|---|---|---|
| **വികസന ഫണ്ട്**-ജനറൽ **(ACR പ്രകാരം)** | 0 | 21546554 | 21546554 | 20374152 | 1172402 |
| **വികസന ഫണ്ട്**-എസ്.സി.പി **(ACR പ്രകാരം)** | 0 | 3367000 | 3367000 | 3027699 | 339301 |
| **വികസന ഫണ്ട്**-ടി.എസ്.പി. **(ACR പ്രകാരം)** | 0 | 1708000 | 1708000 | 1676930 | 31070 |
| **മെയിന്റനൻസ്** – റോഡ് **(ACR പ്രകാരം)** | 0 | 12552000 | 12552000 | 12552000 | 0 |
| **മെയിന്റനൻസ്** – നോൺ-റോഡ് **(ACR പ്രകാരം)** | 0 | 4340000 | 4340000 | 2692715 | 1647285 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് **(ACR പ്രകാരം)** | 0 | 12236193 | 12236193 | 5822914 | 6413279 |

| | | | | | | |
|---|---|---|---|---|---|---|
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 64457576 | 64457576 | 64457576 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 225 | 1849924 | 1850149 | 1846398 | 3751 |
| **കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)** | | | | | | |
| ICDS | | 908184 | 711570 | 1619754 | 634251 | 985503 |
| ആധാർ ഇൻസെന്റീവ് | | 36 | 0 | 36 | 0 | 36 |
| സ്വച്ഛ് ഭാരത് മിഷൻ | | 0 | 2067312 | 2067312 | 268947 | 1798365 |
| **സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)** | | | | | | |
| ശുചിത്വ മിഷൻ | | 44450 | 160000 | 204450 | 204450 | 0 |
| പട്ടിക വർഗ വികസനം | | 1066941 | 0 | 1066941 | 0 | 1066941 |
| സാമൂഹ്യ നീതി വകുപ്പ് | | - | 22000 | 22000 | 0 | 22000 |
| വിമുക്തി | | 0 | 37500 | 37500 | 37500 | 0 |
| **ജോയിന്റ് വെഞ്ചർ അക്കൗണ്ട്** | ബ്ലോക്ക്പഞ്ചായത്ത് | 2210487 | 3616195 | 5826682 | 4724760 | 1101922 |
| | ജില്ലാപഞ്ചായത്ത് | 218608 | 4173978 | 4392586 | 4355526 | 37060 |
| സാക്ഷരത | | 6516 | 0 | 6516 | 6516 | 0 |
| എം.പി./എം.എൽ എ. ഫണ്ട് | | 0 | 351403 | 351403 | 351403 | 0 |
| വെള്ളപ്പൊക്ക ദുരിതാശ്വാസഫണ്ട് | | 0 | 400000 | 400000 | 400000 | 0 |
| കേരളോൽസവം | | 0 | 20000 | 20000 | 20000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ബി-ഫണ്ട് | | 0 | 8040 | 8040 | 8040 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 9506617 | 9506617 | 9506617 | 0 |
| **തനത് ഫണ്ട്** | ബാങ്ക് അക്കൗണ്ട് | 10239104 | 12601523 | 22840627 | 15878798 | 6961829 |
| | ട്രഷറി അക്കൗണ്ട് | 396941 | 157241 | 554182 | 0 | 554182 |

(എൻ.ആർ.ഇ.ജി.എസ് ഒഴികെയുള്ള നീക്കിബാക്കി തുകകൾ തനത് ഫണ്ട് അക്കൗണ്ടിലാണ് ചേർത്തിട്ടുള്ളത് ).

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 174 | 189495550 | 121 | 80213137 | 7 | 46 | 92.5 |

**<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>**

**- ഇല്ല -**

വിവിധ മേഖലകളിലായി 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും ഇവയുടെ പ്രവർത്തനം പദ്ധതി രൂപീകരണത്തിനും നടത്തിപ്പിനും സഹായകരമായ തലത്തിലേക്ക് ഉയർന്നിട്ടില്ല. പഞ്ചായത്തിന്റെ വികസനത്തിന് ഉതകുന്ന പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനുള്ള ഫലപ്രദമായ ചർച്ചകൾ ഉണ്ടാകുന്നില്ല. ഗ്രാമ സഭകളിലും ഊരുകൂട്ടങ്ങളിലും വാർഡ് തലത്തിൽ നടത്തേണ്ട വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് ചർച്ചകൾ നടക്കുന്നില്ല. ഇവ പലപ്പോഴും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രവർത്തനം മാത്രമായി ചുരുങ്ങിപ്പോകുന്നു. വാർഡു തലത്തിലുള്ള വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വിശദവും ഫലപ്രദവുമായ ചർച്ചകൾ ഗ്രാമ സഭകളിലും ഊരുകൂട്ടങ്ങളിലും നടത്തേണ്ടതും ആയതുവഴി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് കുറ്റമറ്റതാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി എന്നിവ 12 യോഗങ്ങളും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി 13 യോഗങ്ങളും വികസന കാര്യസ്റ്റാൻഡിംഗ് കമ്മിറ്റി 14 യോഗങ്ങളും തൻവർഷം ചേർന്നിട്ടുണ്ട്.

വിവിധ വകുപ്പുകളിൽ നിന്നും മുൻ വർഷങ്ങളിൽ പദ്ധതി നിർവ്വഹണത്തിനായി ലഭിച്ച തുകകൾ ചെലവഴിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്നു. പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും അഞ്ചുരുളി കുടിവെള്ള പദ്ധതിക്കായി ലഭിച്ച ₹10,00,000/-യും സ്വച്ഛ് ഭാരത് മിഷനിൽ നിന്നും പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിനു വേണ്ടി ലഭിച്ച ₹13,00,000/-യും ചെലവഴിക്കാനവശേഷിക്കുന്നു. ബ്ലോക്ക്പഞ്ചായത്തിൽ നിന്നും പഠനമുറി, ലൈഫ്, ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് പദ്ധതികൾക്കായി തൻവർഷം ലഭിച്ച തുകകളും ചെലവഴിക്കാൻ ബാക്കി നിൽക്കുന്നുണ്ട്.

പദ്ധതി ആനുകൂല്യം മുഖേന വാങ്ങിയ പശുക്കിടാവിനെ കൈമാറ്റം ചെയ്തത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതികളിൻമേൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനത്തിന്റെ അഭാവമാണ് ഇത്തരം അപാകതകൾക്ക് കാരണം.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 64457576 | 64457576 | 64457576 | 0 |
| ഭരണചെലവുകൾ | 225 | 1849924 | 1850149 | 1846398 | 3751 |
| **ആകെ** | 225 | 64461102 | 64461327 | 644457576 | 3751 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 8040 | 4 |

| | | |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1705900 | 143 |
| വിധവ പെൻഷൻ | 9547300 | 797 |
| വാർദ്ധക്യകാല പെൻഷൻ | 24426200 | 2090 |
| വികലാംഗ പെൻഷൻ | 3240300 | 281 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 171600 | 14 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.08.2019ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹7,072/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ പരിപാലിക്കേണ്ട അടിസ്ഥാന രജിസ്റ്ററുകൾ ആവശ്യമായ ചേർക്കലുകൾ നടത്തി സൂക്ഷിക്കുന്നുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ ഉപയോഗിക്കുന്ന അളവ് പുസ്തകങ്ങൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വിവിധ വരവിനങ്ങളുടെ ഡിമാൻഡ്, കളക്ഷൻ, ബാലൻസ് വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വിവിധ അക്കൗണ്ടുകളുടെ മാസാന്ത്യ,വർഷാന്ത്യ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ ജീവനക്കാരുടെ ജോലി വിഭജനം നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ആയത് പ്രകാരം ജോലി നിർവ്വഹണം നടത്തുന്നുണ്ടോയെന്ന നിരീക്ഷണം ഉത്തരവാദിത്തപ്പെട്ട മേലുദ്യോഗസ്ഥരിൽ നിന്നും ഉണ്ടാവുന്നില്ല. ആയതുകാരണമായി പണപ്പിരിവ് നടത്തിയ ഉദ്യോഗസ്ഥൻ പിരിച്ച തുക പഞ്ചായത്തിൽ ഒടുക്കാതിരിക്കുകയും ഓഡിറ്റിൽ കണ്ടെത്തിയതിനെ തുടർന്ന് പഞ്ചായത്തിൽ ഒടുക്കിയ അവസ്ഥയും സംജാതമായിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.06.2019 മുതൽ 13.06.2019 വരെ | 5/2019 | 21.08.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.02.2016 | 2010-11 മുതൽ 2014-15 വരെ | 24.03.2016 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1. വസ്തുനികുതിയുമായി ബന്ധപ്പെട്ട സാംഖ്യ തുകകൾ സഞ്ചയ കണക്കിൽ ചേർത്തിരിക്കുന്ന തുകകളുമായി പൊരുത്തപ്പെടുന്നില്ല.

2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-12 പിരിവ് തുക - യഥാസമയം ഒടുക്ക് വരുത്തിയില്ല

ഗ്രാമപഞ്ചായത്തിന്റെ 08-10-2018 മുതലുള്ള പണം പിരിവ്, ഒടുക്ക് എന്നിവ പരിശോധിച്ചതിൽ സതീഷ് സി. മാത്യു, ക്ലാർക്കിന് പിരിവിനായി നല്കിയ രസീത് ബുക്കുകൾ പ്രകാരം പിരിച്ചെടുത്ത താഴെ പറയുന്ന തുകകൾ പഞ്ചായത്തിൽ യഥാസമയം ഒടുക്കിയിരുന്നില്ല. ഓഡിറ്റിൽ കണ്ടെത്തിയതിനെ തുടർന്ന് ടിയാൻ രസീത് നമ്പർ 119200101167/ തീ.21/08/2019 പ്രകാരം ₹6,551/- ഒടുക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. (2)ന് ജോലിത്തിരക്കുമൂലം സംഭവിച്ച അബദ്ധമാണെന്ന മറുപടി അംഗീകരിക്കുന്നില്ല.

| രസീത് വിവരം | തുക ₹ |
|---|---|
| 7915/57, തീ. 04-02-2019 | 4541 |
| 7923/67, തീ. 28-03-2019 | 435 |
| 7928/22, തീ. 08-04-2019 | 271 |
| 7920/82, തീ.18-03-2019 | 807 |

| | |
|---|---|
| 7920/83, തീ.18-03-2019 | 497 |
| **ആകെ** | **6551** |

പണപ്പിരിവ്, ഒടുക്ക് എന്നിവയുടെ കൃത്യത പരിശോധിക്കേണ്ട ഉദ്യോഗസ്ഥർ ആയത് കൃത്യമായി നടത്താത്തതിനാലാണ് ഇത്തരം അപാകത ഉണ്ടായത്. ജോലി വിഭജന ഉത്തരവ് പ്രകാരം നല്കിയിട്ടുള്ള ജോലികൾ ജീവനക്കാർ ചെയ്യുന്നുണ്ടോ എന്ന് മേലധികാരികൾ നിരീക്ഷിക്കേണ്ടതും ഗ്രാമപഞ്ചായത്തിന് ധനനഷ്ടം ഉണ്ടാകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

26.03.2019ലെ 7923/53 നമ്പർ രസീത് പ്രകാരം ₹130/- മാത്രമാണ് വരവുള്ളതെങ്കിലും ടിയാൻ ₹599/- ഒടുക്കിയിട്ടുണ്ട്. അധികം ഒടുക്കിയ ₹469/- തന്നാണ്ടിലെ വരവിൽ ഉൾപ്പെടുത്തേണ്ടതാണ്. ഉദ്യോഗസ്ഥർ ലാഘവബുദ്ധിയോടെ പണം കൈകാര്യം ചെയ്തതിനാലാണ് ഇത്തരം അപാകതകൾ സംഭവിക്കുന്നത്.

### 1-13 ലൈഫ് ഭവന പദ്ധതി

ലൈഫ് പദ്ധതിയിൽ 196 പേർ (പൊതുവിഭാഗം 164, എസ്.സി. 15, എസ്.റ്റി. 17) കരാർ ചമച്ച് ഭവന നിർമ്മാണം ആരംഭിച്ചു. ഇതിൽ പൊതുവിഭാഗത്തിൽ 8 പേർ മാത്രമാണ് ഭവന നിർമ്മാണം പൂർത്തിയാക്കിയത്. എസ്.സി., എസ്.റ്റി വിഭാഗത്തിൽ ആരും തന്നെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. വി.ഇ.ഒ. നിർവഹണ ഉദ്യോഗസ്ഥനായി ഈ പദ്ധതിയിലൂടെ ധനസഹായം അനുവദിച്ചതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| **ഘട്ടം** | **ഗുണഭോക്താക്കളുടെ എണ്ണം** | | |
|---|---|---|---|
| | **പൊതു വിഭാഗം** | **എസ്.സി.** | **എസ്.റ്റി.** |
| പൂർത്തിയാക്കിയത് | 8 | - | - |
| മേൽക്കൂര | 41 | 4 | - |
| ഭിത്തി | 72 | 3 | 3 |
| തറ | 42 | 5 | 6 |

| | | | |
|---|---|---|---|
| പണി ആരംഭിക്കാത്തത് | 1 | 3 | 8 |
| **ആകെ** | **164** | **15** | **17** |

പദ്ധതിക്ക് വേണ്ടി തൻവർഷം ലഭിച്ചതും ചെലവഴിച്ചതുമായ വിവിധ ഫണ്ടിനങ്ങളുടെ വിഭാഗം തിരിച്ചുള്ള വിശദാംശം.

| **ഇനം** | | **വികസന ഫണ്ട് ₹** | **ബ്ലോക്ക്പഞ്ചായത്ത് വിഹിതം ₹** | **ജില്ലാപഞ്ചായത്ത് വിഹിതം ₹** |
|---|---|---|---|---|
| പൊതു വിഭാഗം | വകയിരുത്തിയത് | 4327800 | 2336000 | 3373978 |
| | ചെലവഴിച്ചത് | 4320000 | 2336000 | 3373978 |
| പട്ടികജാതി വിഭാഗം | വകയിരുത്തിയത് | 673400 | 516420 | 0 |
| | ചെലവഴിച്ചത് | 673400 | 206600 | 0 |
| പട്ടികവർഗ്ഗ വിഭാഗം | വകയിരുത്തിയത് | 341600 | 61225 | |
| | ചെലവഴിച്ചത് | 341600 | 0 | |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും സത്വര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 1-14 മരുന്നുകൾ ലഭ്യമായിട്ടില്ല

| **നിർവ്വഹണം** | **മെഡിക്കൽ ഓഫീസർ, ഹോമിയോ ആശുപത്രി നാരകക്കാനം** | **മെഡിക്കൽ ഓഫീസർ ആയുർവ്വേദ ആശുപത്രി** | **മെഡിക്കൽ ഓഫീസർ ആയുർവ്വേദ ആശുപത്രി കാഞ്ചിയാർ** | **മെഡിക്കൽ ഓഫീസർ കാഞ്ചിയാർ പി.എച്ച്.സി.** |
|---|---|---|---|---|
| പദ്ധതി നം. | 47/2019 | 38/2019 | 39/2019 | 37/2019 |
| പദ്ധതിയുടെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | മുരിക്കാട്ടുകുടി ആയുർവേദ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ | ആയുർവേദ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ | കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്ക് മരുന്ന് വാങ്ങൽ |

| | | | | |
|---|---|---|---|---|
| പദ്ധതി അടങ്കൽ | ₹200000 | ₹200000 | ₹600,000 | ₹420000 |
| ബിൽ നം./ തീയതി/ തുക ₹/ | 2/2018-19 തീ.14.01.19 ₹2,00,000/- | 4/2018-19 തീ.12.11.2018 ₹2,00,000/- | 1/2018-19 തീ.31.08.2018 ₹4,00,000/- 3/2018-19 തീ. 12.11.2018 ₹2,00,000/- | 18/2018-19 തീ.08.02.19 ₹99993/- 19/2018-19 തീ.08.02.19 ₹99998/- 23/2018-19 തീ. 29.03.19 ₹220009/- |
| ലഭിച്ച മരുന്ന് | ₹85770 | ₹193928 | ₹583077 | ₹199991 |
| ലഭ്യമാകുവാനുള്ള മരുന്ന് | ₹114230 | ₹6072 | ₹16923 | ₹220009 |

മരുന്നുകൾ ലഭ്യമാക്കുന്നതിനായി യഥാക്രമം ഹോംകോ ആലപ്പുഴ, ഔഷധി, കെ.എം.എസ്.സി.എൽ. എന്നിവർക്ക് പണം നൽകിയിട്ടും നാളിതുവരെ മുഴുവൻ തുകയുടെയും മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ഡി.& ഒ. ലൈസൻസ്, വളരെയധികം സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

2018-19 വർഷം 172 സ്ഥാപനങ്ങൾക്ക് (രജിസ്റ്റർ പ്രകാരം) ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ സഞ്ചയ സിസ്റ്റപ്രകാരം വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ, ഹോട്ടൽ, റിസോർട്ട് തുടങ്ങിയവ 791 സ്ഥാപനങ്ങളുണ്ട്. ഇതിൽ ഒഴിഞ്ഞുകിടക്കുന്നവയും ഒന്നിൽക്കൂടുതൽ നമ്പരുകൾ ഒരു കെട്ടിടത്തിന് ഉണ്ടാകാമെന്നതും പരിഗണിച്ചാൽ തന്നെയും ഇത്രയും വ്യത്യാസം വന്നത് പരിശോധിച്ചതിൽ എല്ലാ വാണിജ്യ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നില്ല എന്ന് വ്യക്തമാണ്.

ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിൽ വാണിജ്യാവശ്യം എന്ന ഉപയോഗക്രമത്തിന് നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളിൽ വാണിജ്യാവശ്യത്തിനായി ലൈസൻസ് എടുക്കുകയും, തൊഴിൽ നികുതി ഒടുക്കുവരുത്തുകയും ചെയ്ത

സ്ഥാപനങ്ങളുടെ എണ്ണം വളരെ കുറവാണ്. വസ്തു നികുതി സംബന്ധിച്ച സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള വിവരങ്ങൾ പ്രകാരം പാർപ്പിടേതരാവശ്യത്തിന് നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വാണിജ്യാവശ്യത്തിനുള്ളവ | 791 |
| ഓഫീസ് ആവശ്യത്തിനുള്ളവ | 26 |
| അസംബ്ലി കെട്ടിടം, കൺവൻഷൻ സെന്റർ തുടങ്ങിയവ | 18 |
| വ്യവസായത്തിനുള്ളവ - കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 58 |
| ഇതര വ്യവസായത്തിനുള്ളവ | 76 |
| കാർഷികാവശ്യം | 116 |
| സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ | 2 |
| ആശുപത്രികൾ | 2 |
| വിദ്യാഭ്യാസ ആവശ്യം | 10 |
| ആരാധനാലയം | 62 |
| പെട്ടിക്കടകൾ, ബങ്കുകൾ | 3 |
| മൊബൈൽ ടവർ | 12 |
| **ആകെ** | **1174** |

വാണിജ്യാവശ്യത്തിന് ലൈസൻസ് എടുത്ത ചില കെട്ടിടങ്ങളുടെ നമ്പർ സഞ്ചയയിൽ പരിശോധിച്ചപ്പോൾ പാർപ്പിടാവശ്യങ്ങൾക്കുള്ള നികുതിയാണ് നിർണ്ണയിച്ചിരിക്കുന്നത്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| രജി. ക്രമ നം. | വാർഡ്/കെട്ടിട നം. | പേര് | ലൈസൻസ് ആവശ്യം |
|---|---|---|---|

| | | | |
|---|---|---|---|
| 28 | 3/156 ബി | മനീഷ് മോൻ പി.എം | പലഹാര നിർമ്മാണം |
| 140 | 15/170 | സോമൻ കെ.കെ | അമൽ പ്രോഡക്ട്സ് |
| 145 | 6/ 10 & 11 | ബെൻസി ജോൺ | സ്റ്റേഷനറി & ലേഡീസ് സ്റ്റോർ |
| 146 | 16/32 | കെ.ജെ മാത്യു | ഹെർബൽ പ്രോഡക്ട്സ് |

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത് കൃത്യമല്ല. ട്രേഡേഴ്സ് ലിസ്റ്റ് കൃത്യമായും കാലികമായും തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളെ തിരിച്ചറിയുന്നതിന് സാധിക്കുന്നില്ല. മേൽ പ്രസ്താവിച്ച അപാകതകൾ പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി സ്ഥാപനങ്ങൾക്ക് വാർഡ് അടിസ്ഥാനത്തിൽ സ്ഥിരം നമ്പരുകൾ നൽകി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും പുതുതായി ആരംഭിക്കുന്ന സ്ഥാപനങ്ങളെ ഉൾപ്പെടുത്തി കാലാകാലങ്ങളിൽ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്നും തൊഴിൽ നികുതി ഒടുക്കുവരുത്തുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

മേൽ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കാര്യക്ഷമമായി ഇടപെടേണ്ടതും ജനപ്രതിനിധികളുടെ സഹകരണം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. ലൈസൻസിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ, കെട്ടിടത്തിന്റെ വസ്തുനികുതി പാർപ്പിടേതര ഗണത്തിലുൾപ്പെട്ടതാണെന്ന് ഉറപ്പാക്കുന്നതടക്കമുള്ള, പരിശോധനകൾ നടക്കുന്നുണ്ട് എന്നും വസ്തുനികുതി, തൊഴിൽ നികുതി എന്നിവയിൽ കണക്കാക്കിയ ഫീസ് നിയമാനുസൃതമാണ് എന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. കൃത്യമായ ഇടവേളകളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധനകൾ നടത്തേണ്ടതും പഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടാകുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്.

കൂടാതെ ഡി. & ഒ. ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ ചില അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ട്, നൽകിയിരിക്കുന്നത് പഞ്ചായത്തിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനല്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| **രജി ക്രമ നം** | **വാർഡ്/ കെട്ടിട നം.** | **പേര്** | **ലൈസൻസ് ആവശ്യം** |
|---|---|---|---|
| 2 | 10/527 & 528 | മിനിമോൾ എബ്രഹാം | ബ്യൂട്ടി പാർലർ, ഗാർമെന്റ്സ് & ടെയിലറിംങ് |
| 5 | 10/475 | ഷെൽജി പി അലക്സ് | ഫ്ളവർ മിൽ |

| | | | |
|---|---|---|---|
| 7 | 10/482 | അനോജ് ജോസഫ് | കമ്പ്യൂട്ടർ സെൻ്റർ |

ഡി. & ഒ. ലൈസൻസ് അപേക്ഷകൾ പോലെയുള്ള ഗൗരവമായ വിഷയങ്ങളിൽ ക്ഷമതയുള്ള ഉദ്യോഗസ്ഥനെ തന്നെ നിയമിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 വസ്തുനികുതി പിരിവ് ഒടുക്ക് എന്നിവയിലെ അപാകതകൾ

**വസ്തുനികുതി -** രസീത് പ്രകാരം ലഭിച്ചതിലും കൂടിയ തുക സഞ്ചയയിൽ വരവ് രേഖപ്പെടുത്തിയിരിക്കുന്നു.

**1.** വസ്തുനികുതി ഈടാക്കിയത് സാംഖ്യ പ്രകാരം ലഭിച്ചതിലും കൂടിയ തുക സഞ്ചയ പ്രകാരം വരവായി ഉൾപ്പെടുത്തിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | സാംഖ്യ പ്രകാരം വരവ് (₹) | സഞ്ചയ പ്രകാരം വരവ് (₹) | സഞ്ചയയിൽ അധികമായി രേഖപ്പെടുത്തിയ തുക (₹) |
|---|---|---|---|---|
| 1 | **തൻവർഷ വസ്തുനികുതി -** പാർപ്പിടം/പാർപ്പിടേതരം | 2955733 | 3036524 | 80791 |
| 2 | **കുടിശിക വസ്തുനികുതി** – പാർപ്പിടം/പാർപ്പിടേതരം | 624142 | 711934 | 87792 |

2. വസ്തുനികുതി വരവ് സഞ്ചയയിലെ തുക സാംഖ്യ പ്രകാരമുള്ള യഥാർത്ഥ വരവിലും അധികരിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നത് സംബന്ധിച്ച് നടത്തിയ പരിശോധനയിൽ ഔട്ട് ഡോർ കളക്ഷൻ രസീത് പ്രകാരമുള്ള വരവിനേക്കാൾ കൂടിയ തുക കെട്ടിട ഉടമയുടെ പേരിൽ സഞ്ചയയിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നതായി കണ്ടെത്തി. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്തിന്റെ 01.04.2018 മുതൽ 31.03.2019 വരെയുള്ള ഔട്ട് ഡോർ കളക്ഷൻ രസീതുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | രസീത് പ്രകാരം വരവ് | | | | സഞ്ചയ പ്രകാരം | | | | രസീത് പ്രകാരം ലഭിച്ച തുകയിൽ വ്യത്യാസം | | റിമാർക്സ് |
| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | കെട്ടിട ഉടമ | രസീത് നം./ തീ. | ഈടാക്കിയ തുക ₹ | വാർഡ് നം./ കെട്ടിട നം. | കെട്ടിട ഉടമ | രസീത് നം./ തീ. | ഈടാക്കിയ തുക ₹ | കൂടുതൽ ₹ | കുറവ് ₹ | |
| 1 | 6/67 | കൃഷ്ണൻ ദിവാകരൻ, | 7/7921-06.03.19 | 833 | 6/67 | കൃഷ്ണൻ ദിവാകരൻ, | 7/7921 06.03.19 | 928 | | 95 | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | തകരനാരു പറമ്പിൽ | | | | തകരനാരു പറമ്പിൽ | | | | | |
| 2 | 6/263 | ബിനോജ്, മണികണ്ഠ വിലാസം | 21/7921-08.03.19 | 339 | 6/263 | ബിനോജ്, മണികണ്ഠ വിലാസം | 21/7921 08.03.19 | 334 | 5 | | |
| 3 | 5/478-UA | കെ.പി. ബേബികുട്ടി, കുഞ്ഞാബ്ലു ശ്ശേരിയിൽ | 100/7913-28.02.19 | 280 | 5/478-UA | കെ.പി. ബേബികുട്ടി, കുഞ്ഞാബ്ലു ശ്ശേരിയിൽ | 100/7913 28.02.19 | 281 | | 1 | |
| 4 | 8/139 | കരുണാകരൻ നായർ, കല്ലുകുളത്ത് | 99/7913-25.02.19 | 447 | 8/139 | കരുണാകരൻ നായർ, കല്ലുകുളത്ത് | 99/7913 25.02.19 | 252 | 195 | | |
| 5 | 8/210 | വർഗ്ഗീസ് മാത്യൂ, ഏട്ടിയിൽ | 2/7913-23.01.19 | 1827 | 8/210 | വർഗ്ഗീസ് മാത്യൂ, ഏട്ടിയിൽ | 2/7913 23.01.19 | 2046 | | 219 | |
| 6 | 8/339 | കെ.എം വർഗ്ഗീസ്, കട്ടക്കയം | 17/7913 24.01.19 | 369 | 8/339 | കെ.എം വർഗ്ഗീസ്, കട്ടക്കയം | 17/7913 24.01.19 | 364 | 5 | | |
| 7 | 8/471 | നീതു ടോം, മടക്കകുഴി | 15/7919-06.03.19 | 7917 | 8/471 | നീതു ടോം, മടക്കകുഴി | 15/7919 06.03.19 | | 7917 | | രസീത് പ്രകാരം പിരിച്ചെടുത്ത തുക സഞ്ചയയിൽ വരവ് വന്നിട്ടില്ല |
| 8 | 11/465-A | സജിമോൻ. പി.ജെ, പുല്ലാനി കാവുംകൽ | 57/7915-04.02.19 | 4541 | 11/465-A | സജിമോൻ. പി.ജെ, പുല്ലാനി കാവുംകൽ | 57/7915 04.02.19 | 4673 | | 132 | |
| 9 | 13/17 | ചാക്കോ, പുല്ലാനി കാവുംകൽ | 72/7915-06.02.19 | 928 | 13/17 | ചാക്കോ, പുല്ലാനി കാവുംകൽ | 72/7915 06.02.19 | 2320 | | 1392 | 2017-18, 2018-19 വർഷത്തെ നികുതി മാത്രമാണ് രസീത് പ്രകാരം പിരിച്ചെട്ട ത്തത് എന്നാൽ 2013-14 വർഷം മുതലുള്ള കുടിശ്ശിക സഞ്ചയിൽ വരവ് വച്ചിരിക്കുന്നു |
| 10 | 2/425 | ശങ്കു ശ്രീധരൻ വടക്കേ പ്പറമ്പിൽ | 46/7907 21.05.18 | 234 | 2/425 | ശങ്കു ശ്രീധരൻ വടക്കേ പ്പറമ്പിൽ | 46/7907 21.05.18 | 351 | | 117 | |
| 11 | 2/431 | വർഗ്ഗീസ് ചാക്കോ, | 3/7907 23.05.18 | 2 | 2/431 | വർഗ്ഗീസ് ചാക്കോ, | 3/7907 23.05.18 | 160 | | 158 | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | എറട്ട മുണ്ടക്കൽ | | | | എറട്ട മുണ്ടക്കൽ | | | | | |
| 12 | 2/55 | ബിജു, നവതേജസ് എസ്.എച്ച്.ജി | 5/7907 24.05.18 | 1801 | 2/55 | ബിജു, നവതേജസ് എസ്.എച്ച്.ജി | 5/7907 24.05.18 | 2551 | | 751 | |
| 13 | 10/214 | ബെന്നി തോമസ് പട്ടമുകളേൽ | 61/7916 21.02.19 | 348 | 10/214 | ബെന്നി തോമസ് പട്ടമുകളേൽ | 61/7916 21.02.19 | 348 | | | ഒരു രസീത് പ്രകാരം പിരിച്ചെടുത്ത തുക രണ്ട് പേർക്ക് പോസ്റ്റ് ചെയ്തിരിക്കുന്നു |
| | | | | | 2/153 | മാത്യു വർഗ്ഗീസ് പാലേൽ പാമ്പാടികുടി | 61/7916 21.02.19 | 476 | | 476 | |
| 14 | 11/169 | മോഹനൻ നായർ കോരമല | 20/7908 15.12.18 | 185 | 11/169 | മോഹനൻ നായർ കോരമല | 20/7908 15.12.18 | 250 | | 65 | |
| 15 | 2/499 | സന്തോഷ് വി.റ്റി. വാവപ്പിള്ളി കരോട്ട് | 81/7907 07.12.18 | 238 | 2/499 | സന്തോഷ് വി.റ്റി. വാവപ്പിള്ളി കരോട്ട് | 81/7907 07.12.18 | 239 | | 1 | ഒരു രസീത് പ്രകാരം പിരിച്ചെടുത്ത തുക രണ്ട് പേർക്ക് പോസ്റ്റ് ചെയ്തിരിക്കുന്നു. |
